**പതിമൂന്നാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 1768** **22.03.2012-ൽ മറുപടിക്ക്.**

## ജനസംഖ്യാനുപാതികമായി പോലീസ് സ്റ്റേഷനുകൾ ആരംഭിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എം. ഉമ്മർ** | **ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)** |
| (എ) സംസ്ഥാനത്ത് ജനസംഖ്യാനുപാതികമായി കൂടുതൽ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്ന കാര്യം സർക്കാർ ആലോചിക്കുന്നുണ്ടോ ; | : (എ) ഇല്ല |
| (ബി) നിലവിൽ പോലീസ് സേനയിൽ സിവിൽ പോലീസ് ഓഫീസർമാരുടെ ഒഴിവുകൾ ഉണ്ടോ ; | : (ബി) ഉണ്ട്. |
| (സി) നഗര പ്രദേശങ്ങളിൽ കൂടുതൽ ട്രാഫിക് പോലീസ് യൂണിറ്റുകൾ തുടങ്ങുന്ന കാര്യം പരിഗണിക്കുമോ ; | : (സി) പോലീസ് ഡയറക്ടർ ജനറലിൽ നിന്ന് നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് സർക്കാർ തലത്തിൽ പരിശോധിക്കുന്നതാണ്. |
| (ഡി) വനിതകളുടെയും കുട്ടികളുടെയും പരാതികൾ കൈകാര്യം ചെയ്യുന്നതിന് നിലവിലുള്ള സൗകര്യങ്ങൾ വിശദമാക്കാമോ ? | : (ഡി) ജില്ലാ വനിതാ സെല്ലുകളിലും പോലീസ് സ്റ്റേഷനുകളിലുമായി 300 വനിതാ ഹെൽപ് ഡെസ്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത ഹെൽപ് ഡെസ്കുകളിൽ ഒരു വനിതാ |

(മറുപുറം)

സിവിൽ പോലീസ് ഓഫീസറുടെ സേവനം ഉറപ്പുവരുത്തുന്നതാണ്. സർക്കാരിന്റെ ഒരു വർഷ കർമ്മ പരിപാടിയിൽ, ജില്ലാ പോലീസ് കൺട്രോൾ റൂമുകളിൽ വനിതകൾക്ക് പരാതി ൽകുന്നതിനായി ഒരു കോൾ സെന്ററും, സത്വര നടപടികൾ സ്വീകരിക്കുന്നതിനായി ഒരു ക്വിക് റെസ്പോൺസ് ടീമും, പൊതു ജനങ്ങൾക്ക് പോലീസ് സ്റ്റേഷനുകളിൽ പോകാതെ ഫ്രണ്ട്സ് ജനസേവന കേന്ദ്രം വഴി പരാതി നൽകുന്നതിനുള്ള ഒരു സംവിധാനവും ഉൾപ്പെടുത്തിയിട്ടുണ്ട്.

വനിതകളുടെ പരാതികൾ കൈകാര്യം ചെയ്യുവാനായി മാത്രം പോലീസ് ആസ്ഥാനത്ത് ഒരു സംസ്ഥാന വനിതാ സെല്ലും ജില്ലാ ആസ്ഥാനങ്ങളിൽ ഡി.വൈ.എസ്.പി യുടെ കീഴിൽ വനിതാ സെല്ലുകളും പ്രവർത്തിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ